Research Paper
Peer Reviewed Journal

ISSN-2455-0736 (Print)
ISSN-2456-4052 (Online)

# അധിനിവേശ സംസ്കാരം മരക്കാപ്പിലെ തെയ്യങ്ങളിൽ

**Nimmy Kurian**

Assistant Professor, Pavanatma College, Murickassery
*nimmyk9@gmail.com*

## സംഗ്രഹം (Abstract)

**ഉത്തരാധുനിക രചയിതാവായ അംബികാസുതൻ മാങ്ങാടിന്റെ 'മരക്കാപ്പിലെ തെയ്യങ്ങൾ' എന്ന നോവൽ വർത്തമാനകാലത്തിന്റെ പ്രതിസന്ധികളുടെ പരിച്ഛേദമാണ്. ഭാവിയെക്കുറിച്ചുള്ള ആകുലതകളും നിലനിൽക്കുന്ന അധികാര വ്യവസ്ഥിതിയോടുള്ള പ്രതിരോധവും നിറഞ്ഞ ഈ നോവൽ അധിനിവേശ സംസ്കാരത്തിന്റെ കടന്നുകയറ്റത്തോടെ ഒരു ജനസംസ്കൃതി എങ്ങനെ നിശ്ശേഷം തകർക്കപ്പെടുന്നുവെന്ന് വ്യക്തമാക്കുന്നു. അധിനിവേശത്തിന്റെ ദുരന്തഫലങ്ങൾ ഒരു നാട്ടിലെ പരിസ്ഥിതിയിലും സ്ത്രീയിലും ഏല്പിക്കുന്ന ആഘാതം എത്രത്തോളം വിനാശകരമാണെന്ന വസ്തുത മരക്കാപ്പ് എന്ന സ്ഥലരാശിയേയും, നന്മയുടെ പ്രതീകമായ ഉമ്പിച്ചി എന്ന കേന്ദ്രകഥാപാത്രത്തെയും അടിസ്ഥാനമാക്കി അന്വേഷിക്കുകയാണീ ലേഖനത്തിൽ.**

സമകാലിക ജീവിതത്തെ ചൂഴ്ന്നുനിൽക്കുന്ന വേവലാതികൾ രചനയിലൂടെ അനുഭവവേദ്യമാക്കിത്തരുന്ന സാഹിത്യകാരനാണ് അംബികാസുതൻ മാങ്ങാട്. ആധുനിക കാലഘട്ടത്തിൽ മനുഷ്യജീവിതത്തിൽ അന്യംനിന്നുപോകുന്ന നന്മയും നൈസർഗ്ഗികതയും തിരിച്ചുപിടിക്കുവാൻ ഉത്തരാധുകനികനായ ഈ എഴുത്തുകാരൻ തന്റെ രചനകളിലൂടെ ശ്രമിക്കുന്നു. അദ്ദേഹത്തിന്റെ എൻമകജെ, മരക്കാപ്പിലെ തെയ്യങ്ങൾ എന്നീ നോവലുകളിൽ നിതാന്ത പാരിസ്ഥിതിക ജാഗ്രത പുലർത്തുന്ന ഒരു എഴുത്തുകാരനെ കണ്ടെത്താം. പരിസ്ഥിതി, സ്ത്രീ, ദളിത് തുടങ്ങി ഉത്തരാധുനികത കണ്ണയയ്ക്കുന്ന വിവിധ പരിസരങ്ങൾ സൂക്ഷ്മവും മൗലികവുമായി ഈ നോവലുകളിൽ അദ്ദേഹം അടയാളപ്പെടുത്തുന്നു. ശില്പഘടനയിലും പ്രമേയത്തിലും ഏറെ വ്യത്യസ്തതകൾ പുലർത്തുന്ന നോവലാണ് അംബികാസുതൻ മാങ്ങാടിന്റെ മരക്കാപ്പിലെ തെയ്യങ്ങൾ.

ത്രികാലങ്ങൾ കൂടിക്കുഴഞ്ഞുകിടക്കുന്ന ഒരു പ്രഹേളികയായി അനുവാചക മനസ്സിൽ അവശേഷിക്കുന്ന രചനയാണ് മരക്കാപ്പിലെ തെയ്യങ്ങൾ. ആഗോളവത്ക്കരണത്തിന്റെ തന്ത്രങ്ങളിലൊന്നായ ഉപഭോഗസംസ്കാരത്തിന്റെ കെടുതികളും അതിനെതിരെയുള്ള പ്രതിഷേധവും നോവലിൽ അനാവൃതമാകുന്നു. കമ്പല്ലൂർ കോട്ടയെന്ന പുരാതനകോട്ടയും അതിനോടു ബന്ധപ്പെട്ട മരക്കാപ്പ് എന്ന കടലോരഗ്രാമവുമാണ് നോവലിന്റെ ഭൂമിക. മരിച്ചവർക്ക് ജീവിച്ചിരിക്കുന്നവരേക്കാൾ പ്രാധാന്യം കൊടുക്കുന്ന സ്ഥലമാണ് മരക്കാപ്പ്. മരിച്ചുപോയ പൂർവ്വികർ തെയ്യങ്ങളായി മാറുമെന്നും അവരെ സംരക്ഷിക്കേണ്ടത് ജീവിച്ചിരിക്കുന്നവരുടെ അനന്തരതലമുറയാണെന്നും മരക്കാപ്പുകാർ വിശ്വസിക്കുന്നു. തനതായ നാട്ടുവഴക്കങ്ങളും തനിമകളും മായം കലരാതെ അവർ കാത്തുസൂക്ഷിക്കുന്നു. ജനിമൃതികളുടെ, നിഗൂഢാത്മകതയുടെ കാവൽക്കാരാണ് മരക്കാപ്പുകാർ.

ഇതിവൃത്ത ഘടനയിലും വിഷയസ്വീകരണത്തിലും ഉത്തരാധുനിക നോവലിന്റെ സവിശേഷതകൾ വച്ചുപുലർത്തുന്ന നോവലാണ് മരക്കാപ്പിലെ തെയ്യങ്ങൾ. അതിനാൽതന്നെ പരിസ്ഥിതിയും സ്ത്രീയും ഈ നോവലിന്റെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതായി കാണാം. സ്ത്രീയും പ്രകൃതിയും തമ്മിലുള്ള സമാനത അനാദികാലം മുതൽ സാഹിത്യ സാഹിത്യേതര ചർച്ചകൾക്ക് വിധേയമായിട്ടുണ്ട്. പ്രകൃതിയെ സ്ത്രീയോടുപമിച്ച് പ്രകൃതിയിൽ മാതൃത്വം ആരോപിക്കുന്ന രീതി എല്ലാ കാലങ്ങളിലും ദേശങ്ങളിലുമുണ്ട്. ഈ സാമ്യത വിചിന്തനം ചെയ്യുമ്പോൾ, ഉത്തരാധുനിക സാഹിത്യചർച്ചകൾക്ക് വഴിയൊരുക്കുന്ന പരിസ്ഥിതി വിജ്ഞാനീയം, ഫെമിനിസം, ഇക്കോ ഫെമിനിസം തുടങ്ങിയ നിരവധി ജ്ഞാനമേഖലകളിലേയ്ക്ക് നോവൽ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ ചേക്കേറുന്നതായി കാണാം.

അധിനിവേശത്തിന്റെ കുടിലതന്ത്രങ്ങൾ മരക്കാപ്പിലെ തെയ്യങ്ങൾ എന്ന നോവലിൽ എപ്രകാരം ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നു എന്ന അന്വേഷണമാണ് ഈ ലേഖനം. ചരിത്രത്തിലും സാഹിത്യത്തിലുമുൾപ്പെടെ ജീവിതത്തിന്റെ നാനാ മേഖലകളിൽ പലതരത്തിൽ അധിനിവേശങ്ങൾ സംഭവിക്കാറുണ്ട്. അവയാണ് ദേശത്തെയും കാലത്തെയും ചരിത്രവത്ക്കരിക്കുന്നതും സംസ്കാരങ്ങളുടെ ഭാവിയെ പുനർനിർണ്ണയിക്കുന്നതും. അധിനിവേശത്തിന്റെ ഗൂഢ

ISSN-2455-0736 (Print)
ISSN-2456-4052 (Online)

തന്ത്രങ്ങളിലൊന്നായ ടൂറിസം വികസനത്തിന്റെ വിജയമന്ത്രങ്ങളിൽ ഒന്നായി മാറുമ്പോൾ പിന്നാമ്പുറത്ത് നഷ്ടപ്പെടുന്നത് സാംസ്കാരിക തനിമയും പകരം വയ്ക്കാനാവാത്ത പൈതൃകവുമാണ്. ഇത്തരം നിഷേധാത്മകശക്തികളുടെ ചവിട്ടടിയിൽ അരഞ്ഞുതീരുന്നത് നിലയ്ക്കാത്ത നന്മയുടെ ഉറവിടങ്ങളാണ് എന്ന യാഥാർത്ഥ്യം അധിനിവേശത്തിന്റെ കാടൻ യുക്തികൾക്ക് മുമ്പിൽ മുട്ടുമടക്കുന്നവർ ഗ്രഹിക്കാതെ പോകുന്നു. ഈ അജ്ഞതയ്ക്കെതിരെയുള്ള പ്രതിഷേധമാണ് മരക്കാപ്പിലെ തെയ്യങ്ങൾ ഉയർത്തുന്നത്.

അധിനിവേശത്തിന്റെ ഫലമായി മണ്ണും പെണ്ണും എങ്ങനെ മലിനമാക്കപ്പെടുന്നു എന്നതിന്റെ നേർക്കാഴ്ചകളാണ് മരക്കാപ്പിലെ തെയ്യങ്ങൾ എന്ന നോവൽ ആഖ്യാനം ചെയ്യുന്നത്. ജീവന്റെ നിലനില്പിനാധാരം പ്രകൃതിയും സ്ത്രീയുമാണ്. വിത്ത് ഏറ്റുവാങ്ങി മുളപ്പിക്കുന്ന പ്രകൃതിയും ബീജം ഏറ്റുവാങ്ങി ശിശു എന്ന പൂർണ്ണതയിലേയ്ക്കെത്തിക്കുന്ന സ്ത്രീയും സാഹിത്യസംബന്ധിയായ വെറും സാമ്യകല്പനകളിൽ ഒതുങ്ങുന്നില്ല. മറിച്ച് രണ്ടും ഒന്നു തന്നെയാണ്. പരസ്പരപൂരകമായ ഈ ഘടകങ്ങൾ തന്നെയാണ് സൃഷ്ടിക്കും ജീവനും നിദാനം. ഇവ സംരക്ഷിക്കപ്പെടേണ്ടതിനെ സംബന്ധിച്ച ആശങ്കയും, ഈ ഘടകങ്ങൾ പ്രതികൂലാവസ്ഥയിൽ എത്തിപ്പെടുമ്പോഴുള്ള സംഘർഷത്തെയും മരക്കാപ്പിലെ തെയ്യങ്ങൾ എന്ന നോവലിന് നാടകീയ മാനം നൽകുന്നു. ടൂറിസത്തിന്റെ ഭാഗമായി തകർച്ചകൾ ഏറ്റുവാങ്ങി അപകടകരമായ പുതുമ നിർബന്ധപൂർവ്വം ഏറ്റുവാങ്ങപ്പെടുന്ന മരക്കാപ്പിലെ പരിസ്ഥിതിയും സമാന ദുരന്തത്തിനടിപ്പെടുന്ന ഉമ്പിച്ചി എന്ന നായികാകഥാപാത്രവും ജീവന്റെ തുടർച്ചയുടെ അടയാളമാണ്.

'ഈ ഭൂമിയിൽ, ഈ മണ്ണിൽ ഞാനുമുണ്ട് ഭൂസുരന്മാരെ' എന്ന് ആവലാതിയോടെ വിളിച്ചുപറഞ്ഞ് തന്റെ സ്ഥാനമുറപ്പിക്കാൻ ശ്രമിക്കുന്ന കുട്ടിച്ചാത്തൻ തെയ്യത്തിന്റെ അവതരണത്തിലൂടെ പരിസ്ഥിതി നാശത്തിനെതിരെയുള്ള മുന്നറിയിപ്പാണ് നോവലിസ്റ്റ് നൽകുന്നത്. 'ഇന്ന് മനുഷ്യനാണ് എല്ലാം തീരുമാനിക്കുന്നത്. സ്വന്തം വിധി മാത്രമല്ല, ഭൂമിയുടെ വിധിയും അവൻ നിർണ്ണയിക്കുന്നു' എന്ന തെയ്യത്തിന്റെ വാക്കുകളിൽ അന്തർലീനമായിരിക്കുന്നത് എഴുത്തുകാരന്റെ വ്യഥ തന്നെയാണ്.

കമ്പല്ലൂർ കോട്ടയേയും മരക്കാപ്പ് കടപ്പുറത്തേയും കേന്ദ്രീകരിച്ച് നടപ്പിലാക്കാൻ പോകുന്ന ടൂറിസത്തിന്റെ വരും വരായ്കകളെക്കുറിച്ച് ബോധ്യവാനായ ലോറൻസ് എന്ന പരിസ്ഥിതി പ്രവർത്തകന്റെ അവതരണത്തിലൂടെയും സംഭാഷണത്തിലൂടെയും മരണത്തിലൂടെയും പരിസ്ഥിതിവിധ്വംസനം എത്രമാത്രം വിനാശകരമായ ഒരു സംഭവമായാണ് നോവലിൽ നിബദ്ധിച്ചിരിക്കുന്നതെന്ന് പ്രഥമദൃഷ്ട്യാ വായനക്കാർക്ക് ബോധ്യം വരുന്നു. ലോറൻസും കമ്പല്ലൂർ ടൂറിസം കോർപ്പറേഷൻ എം.ഡി. ഗിരിധരനും തമ്മിലുള്ള കൂടിക്കാഴ്ച്ചയും വാഗ്വാദങ്ങളും നിറഞ്ഞ നോവലിന്റെ മുപ്പത്തിയൊൻപതാം അധ്യായം ഭാവിയെക്കുറിച്ച് ആകുലപ്പെടുന്ന രചയിതാവിന്റെ തന്നെ തൊണ്ട പൊട്ടുന്ന നിലവിളിയുടെ രേഖീയ ആഖ്യാനമാണ്. ടൂറിസത്തിലൂടെ സമഗ്രവികസനമാണ് ലക്ഷ്യമാക്കുന്നതെന്നു പറഞ്ഞ എം.ഡി.ക്ക് ലോറൻസ് നൽകുന്ന മറുപടി ശ്രദ്ധേയമാണ്. പഞ്ചനക്ഷത്ര ഹോട്ടലുകളും സ്വിമ്മിംഗ് പൂളുകളും മസാജ് പാർലറുകളും ഗോൾഫ് ക്ലബ്ബുകളും എട്ടുവരി പാതകളും അന്താരാഷ്ട്ര വിമാനത്താവളങ്ങളും കടലിൽ പോകുന്ന മുക്കുവന് എങ്ങനെ ഉപയുക്തമാകുന്നുവെന്ന് ലോറൻസ് ചോദിക്കുന്നു. പുതിയ പദ്ധതി നടപ്പിലാക്കാൻ തുടങ്ങുന്നതോടെ പരമ്പരാഗത തൊഴിലുകളിൽ നിന്നും പിന്മാറുന്ന സാധാരണക്കാരെക്കുറിച്ചും ലോറൻസിലെ പരിസ്ഥിതിസ്നേഹി ആശങ്കപ്പെടുന്നുണ്ട്. ടൂറിസംകൊണ്ടു മാത്രം വികസിത രാജ്യങ്ങളുടെ പട്ടികയിൽ കയറിപ്പറ്റിയിട്ടുള്ള രാജ്യങ്ങളെക്കുറിച്ചുള്ള ഗിരിധരന്റെ പരാമർശത്തിന് അവിടങ്ങളിൽ നടക്കുന്നത് സെക്സ് ടൂറിസമാണെന്നും ചന്തയിൽ വിൽക്കപ്പെടുന്നത് ശരീരങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും മറ്റ് സാംസ്കാരിക സമ്പാദ്യങ്ങളുമാണെന്നുള്ള കരണത്തടിക്കുന്ന പോലെയുള്ള മറുപടി നൽകാൻ ലോറൻസിനായത് അയാൾ അങ്ങേയറ്റം ആത്മാർത്ഥയുള്ള പ്രകൃതിസ്നേഹിയായതിനാലാണ്. മരുന്നുകടയിൽ ജോലിയുള്ള ലോറൻസ് ആ തൊഴിൽമേഖലയിൽ നിസ്സംഗനായാണ് വ്യാപരിക്കുന്നത്. ഇതിനെക്കുറിച്ച് ആരാഞ്ഞ സുഹൃത്തായ കൃഷ്ണൻകുട്ടിയോട് ലോറൻസ് പറയുന്ന മറുപടി 'താനും ഒരു മരുന്നുകട നടക്കുകയാണ്. ഭൂമിയോളം വലിയ മരുന്നുകട' എന്നാണ്. ഈ വാക്കുകളിൽ തുളുമ്പിനിൽക്കുന്ന ലോറൻസിന്റെ ആത്മാർത്ഥത അളവറ്റതാണ്. 'ആഗോളവത്ക്കരണത്തിനുവേണ്ടി മുതലാളിത്ത രാജ്യങ്ങളും ബഹുരാഷ്ട്ര കുത്തകകളും ചേർന്ന് കണ്ടെത്തിയ ഉത്തേജകമരുന്നാണ് ടൂറിസം. ടൂറിസ്റ്റിലൂടെ നാടുചുറ്റുന്നത് ഒരേ സമയം അധിനിവേശ രാഷ്ട്രീയത്തിന്റെ സംസ്കാരവും സാമ്പത്തിക ശാസ്ത്രവുമാണ്. ടൂറിസം ഒരിക്കലും സാമ്പത്തിക വളർച്ചയ്ക്കുള്ള എളുപ്പവഴിയല്ല. മറിച്ച് ദരിദ്രരാജ്യങ്ങൾ സ്വയം ശവക്കുഴി തോണ്ടുന്ന ഏർപ്പാടാണത്. അതിന്റെ ദല്ലാൾപണിയാണ്'. ഇതാണ് ടൂറിസത്തെക്കുറിച്ചുള്ള ലോറൻസിന്റെ കാഴ്ചപ്പാട്. പരിസ്ഥിതിക്കും പൈതൃകത്തിനും വേണ്ടി ഭരണകൂടത്തോടും അധികാരവർഗ്ഗത്തോടും കലാപം കാട്ടിയ ലോറൻസ് എന്ന പരിസ്ഥിതി സ്നേഹി, പരിസ്ഥിതിയുടെ സമതുലിതാവസ്ഥ നശിപ്പിക്കുന്ന ഛിദ്രശക്തികളോടേറ്റുമുട്ടി കൊല്ലപ്പെടുന്നതോടെ അധിനിവേശശക്തികൾ വിജയത്തിന്റെ ആദ്യപടവു താണ്ടുന്നു.

തങ്ങൾക്കുവേണ്ടി മരിച്ച ലോറൻസിനെപ്പോലും മരക്കാപ്പുകാർ നോട്ടുകെട്ടുകൾക്കു മുമ്പിൽ മറക്കുന്നു. ദൈവ

ISSN-2455-0736 (Print)
ISSN-2456-4052 (Online)

ങ്ങളും മനുഷ്യരും മരിച്ചവരും ഏകമനസ്സോടെ വർത്തിച്ചിരുന്ന കമ്പല്ലൂർ കോട്ടയിൽ തദ്ദേശവാസികൾക്കും പാസ്സ് ഏർപ്പെടുത്തി. മരിച്ച് തെയ്യങ്ങളായി മാറിയ പൂർവ്വികർക്കും ഇത് അംഗീകരിക്കാൻ ബുദ്ധിമുട്ടുള്ള സംഗതിയായിരുന്നു. നിയോൺ വെളിച്ചങ്ങളും റസ്റ്റോറന്റുകളും നൈറ്റ് ക്ലബ്ബുകളും ആൾപ്പെരുമാറ്റങ്ങളും കൊണ്ട് കോട്ടയിലെയും മരക്കാപ്പിലെയും രാത്രികൾ പകലാകുന്നതിനെക്കുറിച്ചാണ് കുട്ടിച്ചാത്തൻ തെയ്യത്തിന്റെയും ബ്രഹ്മരക്ഷസിന്റെയും ആശങ്ക. രാത്രികളില്ലാത്ത പകലുകൾ മാത്രമാകുന്നത് പ്രകൃതിയുടെ അസന്തുലിതാവസ്ഥയാണ് പ്രകടമാക്കുന്നത്. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തദ്ദേശീയർക്കു പകരം മരക്കാപ്പിൽ പരദേശികൾ പെരുകിയിരിക്കുന്നു. രാപ്പകൽ മണ്ണുമാന്തുകയും കോൺക്രീറ്റ് ചെയ്യുന്ന യന്ത്രങ്ങളുടെയും പണിക്കാരുടെയും ശബ്ദത്താൽ മുഖരിതമാണ് മരക്കാപ്പ്. അവിടെനിന്നും കുടിയൊഴിഞ്ഞുപോകുന്നവർക്ക് പകരം ഭൂമി പതിച്ചുനൽകി കുടിയൊഴിപ്പിക്കപ്പെടുമ്പോൾ കിട്ടുന്ന നഷ്ടപരിഹാര സംഖ്യയിലാണ് പുതുതലമുറയുടെ കണ്ണ്. പരമ്പരാഗത തൊഴിൽ മാത്രം  കൈവശമുള്ള തങ്ങൾ മലമ്പ്രദേശങ്ങളിൽ എങ്ങനെ ജീവൻ നിലനിർത്തും എന്ന ശങ്കയ്ക്കുപോലും അവർക്കിടയിൽ സ്ഥാനമില്ല. സ്വന്തം കിടപ്പാടവും പൈതൃകവും കാലടിയിൽ നിന്ന് ഊർന്നുപോകുമ്പോഴും നഷ്ടപരിഹാരമെന്ന പേരിൽ ലഭിക്കുന്ന നോട്ടുകെട്ടുകൾക്ക് വശംവദരാകുന്ന തദ്ദേശവാസികളിലൂടെ അധിനിവേശമെന്ന കുടിലതന്ത്രത്തിന്റെ കൺകെട്ടാണ് നമുക്ക് ബോധ്യമാവുക. കമ്പല്ലൂർ കോട്ടയിൽ പാസ്സെടുത്ത് കയറേണ്ടവരായി മരക്കാപ്പ് നിവാസികൾ മാറുന്ന അന്യവത്ക്കരണത്തിലൂടെ അധിനിവേശത്തിന്റെ ചെപ്പടിവിദ്യ പൂർത്തിയാകുന്നു.

കടലിൽ നിന്നും കയറിവരുന്ന ഭീമാകാരനായ ഞണ്ടിനെ ഓർമ്മിപ്പിച്ചുകൊണ്ടാണ് എസ്കവേറ്റർ എന്ന കൂറ്റൻ യന്ത്രം മരക്കാപ്പിനെ നിശ്ശേഷം തുടച്ചുമാറ്റുന്നത്. പൂർവ്വികരുടെ കല്ലറകളും, തങ്ങൾക്ക് സ്വന്തമായിരുന്ന കിടപ്പാടങ്ങളും യന്ത്രക്കൈ കോരിയെടുത്ത് നശിപ്പിക്കുന്നത് കാണാനും, അതിനെതിരെ ശബ്ദമുയർത്താനും മരക്കാപ്പിൽ അധികമാരും ഉണ്ടായിരുന്നില്ല. തന്റെ കുടിലിലെ ഇരിപ്പലകയിൽ കുടിയിരിക്കുന്ന ദൈവങ്ങൾക്കും, നാലര സെന്റ് ഭൂമിക്കും വേണ്ടി അവസാനം വരെ പിടിച്ചുനിന്നത് ഉമ്പിച്ചി എന്ന നായിക മാത്രമാണ്. അവസാനം അവളും അധിനിവേശ സംസ്കാരത്തിന്റെ തുറുപ്പുചീട്ടായി മാറുന്നിടത്ത് മരക്കാപ്പിന്റെ പരിസ്ഥിതിനാശം പൂർണ്ണമാകുന്നു. വികസനം കൊണ്ട് മുഖച്ഛായ മാറിപ്പോയ മരക്കാപ്പ് എന്ന സ്ഥലരാശി അവസാനഭാഗത്ത് ദൃശ്യമാണ്. മരക്കാപ്പിന്റെ തനത് വിഭവങ്ങൾക്ക് പകരം വിദേശികളെ ആകർഷിക്കാനുള്ള ബോൺസായികളും ഓർക്കിഡുകളും  വളർത്തപ്പെട്ടു. നാലുകെട്ടുകളും ഔഷധസസ്യങ്ങളും പിഴുതെടുത്ത് മരക്കാപ്പിൽ സ്ഥാപിക്കപ്പെട്ടു. എട്ടുവരിപ്പാതയുടെ ഗാംഭീര്യവും ആൾത്തിരക്കും വാഹനത്തിരക്കും. മസാജ് പാർലറുകൾ, യോഗ പരിശീലനമഠങ്ങൾ, ഹെൽത്ത് ക്ലബ്ബുകൾ തുടങ്ങിയവ നിറഞ്ഞ മരക്കാപ്പ് അചേതനമായ കോൺക്രീറ്റ് കാടായി അവശേഷിക്കുന്നു.

മരക്കാപ്പിലെ പാരിസ്ഥിതിക ദുരന്തത്തോടൊപ്പം കൂട്ടിവായിക്കാവുന്നതാണ് ഉമ്പിച്ചി എന്ന കഥാനായികയുടെ ജീവിതവികാസ പരിണാമങ്ങൾ. നോവലിൽ ഒരു ജനസംസ്കാരത്തെ മൊത്തത്തിൽ അടയാളപ്പെടുത്തുന്ന കഥാപാത്രമാണ് ഉമ്പിച്ചി. അവൾ ഒരു പ്രതീകമാണ് – വറ്റാത്ത നന്മയുടെ പ്രതീകം. ധാരാളം സ്ത്രീകഥാപാത്രങ്ങൾ കയറിയിറങ്ങിപ്പോകുന്ന നോവലിൽ പേരുപോലെ വ്യത്യസ്തത പുലർത്തി ആദ്യന്തം നിറഞ്ഞുനിൽക്കുന്ന കരുത്തുറ്റ കഥാപാത്രമാണ് ഉമ്പിച്ചി. നോവലിൽ പരാമർശിക്കുന്ന സ്ഥലത്തിന്റെ നാശവും ഉമ്പിച്ചിക്ക് നേരിടേണ്ടിവരുന്ന ദുരനുഭവങ്ങളും പലപ്പോഴും ഏകതാനത കൈക്കൊള്ളുന്നു. നോവലിൽ അധിനിവേശത്തിന്റെ ഇരയായി വാണിജ്യവത്ക്കരിക്കപ്പെടുന്ന സ്ത്രീസ്വത്വമാണ് ഉമ്പിച്ചി. മരക്കാപ്പിലെ ആദ്യവിദേശികളായ സായിപ്പിനെയും മദാമ്മയേയും ആർദ്രതയോടെ സ്വീകരിച്ച ഉമ്പിച്ചി തന്നെയാണ് അധിനിവേശതന്ത്രങ്ങൾക്ക് വിപണി കണ്ടെത്തുന്ന അധികാരിവർഗ്ഗത്തിന്റെയും ഭരണകൂടത്തിന്റെയും കൈപ്പിടിയിൽ ഞെരിഞ്ഞമർന്ന് മലിനയാക്കപ്പെടുന്നത്. സ്ത്രീയും പരിസ്ഥിതിയുമെല്ലാം അനാദികാലം മുതൽ പുരുഷന്റെ നിയന്ത്രണത്തിൻ കീഴിലാണ്. അവനുയോജിച്ച വികസനതന്ത്രങ്ങളിലൂടെ രണ്ടിനെയും വശത്താക്കാൻ ഇന്നോളം പുരുഷ മേൽക്കോയ്മ ജാഗ്രത പുലർത്തുന്നു.

ഒരു സ്ത്രീ എന്ന നിലയിൽ ഉമ്പിച്ചി കടന്നുപോകുന്ന വിവിധ ജീവിത സാഹചര്യങ്ങൾ നോവലിൽ കാണാം. സ്ത്രൈണതയുടെ വിവിധ ഭാവഭേദങ്ങൾ അവളിൽ മിന്നിമറയുന്നു. ആദ്യഭാഗത്ത് അർദ്ധനഗ്നരായ വിദേശികൾക്ക് തന്റെ കുടിലിൽ അഭയം നൽകുമ്പോൾ സ്ത്രീസഹജമായ അനുകമ്പ ഉമ്പിച്ചിയിൽ ദർശിക്കാം. ഈ പ്രവൃത്തിയെ കടൽക്കോടതി ചോദ്യം ചെയ്യുമ്പോൾ ചോദ്യശരങ്ങൾക്കു മുമ്പിൽ ആദ്യം അവൾ പതറുന്നു. 'ഒരു ഗതിയുമില്ലാത്തവരെ കുടിയിൽ നിന്നിറക്കിവിടാൻ തനിക്കായില്ല. അത് തെറ്റാണെങ്കിൽ കടൽക്കോടതി എന്നെ നാടുകടത്തിക്കോ' എന്നു പറയാനുള്ള തന്റേടവും താൻപോരിമയും ഉടനടി കാണിക്കാനും ഉമ്പിച്ചി തയ്യാറാകുന്നു. സ്ത്രീകളെക്കുറിച്ചുള്ള മരക്കാപ്പുകാരുടെ കാഴ്ചപ്പാട് മറ്റേതൊരു സമൂഹത്തിലുമെന്നപോലെ ഗൃഹഭരണവും പരമ്പരാഗത തൊഴിലുകളുമായിരുന്നു. തന്റെ നാലര സെന്റ് ഭൂമിയിൽ തെയ്യങ്ങൾ വസിക്കാൻ തുടങ്ങിയതിനു പിന്നാലെ അവൾക്ക് കുലത്തൊഴിലായ മീൻകച്ചവടം ഉപേക്ഷിച്ച് സൗന്ദര്യവർദ്ധക വസ്തുക്ക

ISSN-2455-0736 (Print)
ISSN-2456-4052 (Online)

ളുടെ വില്പന നടത്തേണ്ടിവരുന്നു. ഏതൊരു യാഥാസ്ഥിതിക സമൂഹത്തിലുമെന്നപോലെ ഉമ്പിച്ചിക്ക് തന്റെ നാട്ടിലെ സ്ത്രീപുരുഷന്മാരിൽ നിന്നും ഇതിന്റെ പേരിൽ പഴി കേൾക്കേണ്ടിവന്നു. അത്തരം അപവാദപ്രചരണങ്ങൾക്കു ചെവി കൊടുക്കാതെ തന്റെ നാലര സെന്റ് ഭൂമിയുടെ പട്ടയത്തിനുവേണ്ടി പോരാടുന്ന ഉമ്പിച്ചിയെ ആദ്യാവസാനം കാണാം. മരക്കാപ്പിലെ പല പുരുഷന്മാരുടെയും നിദ്രയിൽ ഉമ്പിച്ചി തീക്കനലിട്ടു എന്ന പരാമർശവും അതിനെ പ്രത്യക്ഷീകരിക്കുന്ന സംഭവങ്ങളും നോവലിൽ കാണാം. പുരുഷന്മാരെ ആകർഷിക്കാൻപോന്ന സൗന്ദര്യം ഉമ്പിച്ചിയുടെ സ്വത്തായിരുന്നുവെന്ന് ഇതിൽനിന്നു മനസ്സിലാക്കാം.

വളർത്തമ്മയുടെ മരണവും വിവാഹത്തിന്റെ മൂന്നാംനാൾ തന്നെ പിരിഞ്ഞുപോയ ഭീരുവായ ഭർത്താവിന്റെ ഓർമ്മയും അതിജീവിച്ച് ചെമ്മീൻ എന്ന നോവലിൽ ജീവിതത്തിന്റെ അർത്ഥതലങ്ങൾ തേടുമ്പോൾ സാധാരണ സ്ത്രീകൾക്കന്യമായ ഒരുതരം അമാനുഷിക പരിവേഷം ഉമ്പിച്ചിക്ക് ലഭിക്കുന്നു. നാലര സെന്റ് ഭൂമിയുടെ പട്ടയത്തിനുവേണ്ടിയുള്ള ജീവിത സമരത്തിൽ അവസാനം ഉമ്പിച്ചിയും ചൂഷണവിധേയയാകുന്നു. അസാധാരണ വൈഭവം കൊണ്ട് അവൾ ഒഴിക്കായിരുന്ന പുരുഷന്റെ ഭോഗതൃഷ്ണയ്ക്ക് അവൾ അബോധാവസ്ഥയിൽ വശംവദയായപ്പോൾ അബലയും അനാഥയുമായി ഒറ്റപ്പെടുന്ന ഉമ്പിച്ചിയെയാണ് നാം കാണുന്നത്. ലാന്റ് അസൈൻമെന്റ് ഓഫീസർ ലോഹിതാക്ഷൻ എല്ലാ ആഴ്ചയും അവളെ ഓഫീസിൽ എത്തിച്ച്, അന്യായമായി കൈക്കൂലി വാങ്ങി ഒടുവിൽ പട്ടയം അയൽക്കാരിക്ക് നൽകുന്നു. അതു തിരിച്ചുപിടിക്കാനുള്ള ഓട്ടത്തിനിടയിൽ ചതിയിലൂടെയാണെങ്കിലും അവൾക്ക് നഷ്ടമായത് അതുവരെ ആർക്കും അടിയറ വയ്ക്കാത്ത സ്ത്രീത്വമായിരുന്നു. അബോധാവസ്ഥയിൽ അവളെ ദുരുപയോഗം ചെയ്തവർ അധികാരവർഗ്ഗത്തിന്റെ വിവിധ ശ്രേണികളുടെ പ്രതിനിധികളാണ്. ടൂറിസത്തിന്റെയും മറ്റും പേരിൽ നടക്കുന്ന വികസനത്തിനു പിന്നിലെ കെടുകാര്യസ്ഥതയാണിവിടെ മറനീക്കി വെളിച്ചത്തുവരുന്നത്. ഇവിടെ നിയമപാലകർ നിയമലംഘകരാകുന്നു. സ്ത്രീശരീരം കേവലം ഉപഭോഗവസ്തുവാകുന്നു.

മരക്കാപ്പുകാർ നഷ്ടപരിഹാരം വാങ്ങി കുടിയൊഴിഞ്ഞുപോയപ്പോൾ ആശയറ്റവളായിട്ടുപോലും 'എനിക്ക് ചെലവിന് തെര്ന്നത് സർക്കാരല്ല, എനിക്ക് സർക്കാരില്ല' എന്ന് ഉമ്പിച്ചിയുടെ ധാർഷ്ട്യം നിറഞ്ഞ വാക്കുകളിൽ നിറഞ്ഞുനിൽക്കുന്നത് പുരുഷന്മാർക്കു യോജിച്ച തന്റേടമാണ്. ഭാരതീയ കാഴ്ചപ്പാടിൽ പിതൃക്കൾക്ക് ശേഷക്രിയ ചെയ്യേണ്ടതും അവരെ വേണ്ടവിധം ആദരിക്കേണ്ടതും പുത്രന്മാരാണ്. ഇവിടെ മരക്കാപ്പ് എന്ന കടലോരഗ്രാമത്തെ അതിന്റെ എല്ലാ പ്രത്യേകതകളോടും കൂടി നെഞ്ചിലേറ്റി സംരക്ഷിക്കാനൊരുങ്ങുന്ന ഉമ്പിച്ചിയിൽ നിറഞ്ഞുനിൽക്കുന്നതും തദ്ദേശീയരായ പുരുഷന്മാർക്കില്ലാതെപോയ പൗരുഷമാണ്. നിസ്സാര ലാഭത്തിനുവേണ്ടി പാരമ്പര്യത്തെയും പൈതൃകത്തെയും വിറ്റുതുലയ്ക്കാൻ തയ്യാറായ തദ്ദേശീയരോടും വികസനത്തിന്റെ മറവിൽ മണ്ണിനെയും പെണ്ണിനെയും ഒരുപോലെ ചൂഷണം ചെയ്യുന്ന, ആഗോളവത്ക്കരണത്തിന്റെ പുത്തൻ തന്ത്രങ്ങൾ ഏറ്റെടുത്ത് വ്യാപിപ്പിക്കുന്ന അധികാരവർഗ്ഗത്തോടുമുള്ള അടങ്ങാത്ത പകയും പ്രതിഷേധവുമാണ് ഉമ്പിച്ചിയുടെ വാക്കും പ്രവർത്തിയും. അതിന്റെ പ്രതിഫലനമാണ് ലോഹിതാക്ഷന്റെ പുരുഷത്വത്തെ അറുത്തെടുത്ത് കടലിലെറിഞ്ഞ ഉമ്പിച്ചിയിൽ കാണുന്നത്. തന്റെ ചാരിത്ര്യത്തെ നശിപ്പിക്കാൻ ഇടനിലക്കാരനായവന്റെ പുരുഷത്വത്തെ നശിപ്പിച്ചപ്പോൾ പ്രകൃതിപോലും അവളോടുചേർന്നുനിന്നു. അതുവരെ അവളുടെ മനോനിലയുടെ പ്രത്യക്ഷീകരണമെന്ന മട്ടിൽ വികാരവിക്ഷുബ്ധമായ കടൽ ലോഹിതാക്ഷന്റെ പതനത്തോടെ ശാന്തമാകുന്ന കാഴ്ച കാണാം. തിരമാലക്കൈകളിൽ നിന്നും അനപത്യതാ ദുഃഖമനുഭവിച്ചിരുന്ന അങ്കച്ചിക്ക് ലഭിച്ച കുഞ്ഞാണ് ഉമ്പിച്ചി. അവൾ അവസാനം എത്തിച്ചേരുന്നതും കടൽക്കൈയ്യിൽ തന്നെ. അന്ന് രാത്രി മുമ്പൊരിക്കലുമുണ്ടാകാത്ത വിധത്തിൽ കടൽ ഇളകിപ്പൊട്ടി, പാതിരായ്ക്കുശേഷം വിഷമുള്ള കടൽപ്പാമ്പുകൾ കരയിലേയ്ക്കു കയറിവന്നു തുടങ്ങിയ പരാമർശങ്ങൾ പ്രകൃതിയും അതിനോടിണങ്ങി ജീവിക്കുന്ന മനുഷ്യരുൾപ്പടെയുള്ള ജീവജാലങ്ങളും തമ്മിലുള്ള അഭേദ്യബന്ധത്തെ സൂചിപ്പിക്കുന്നു.

ആൺകോയ്മ സംസ്കാരത്തിന്റെ ശേഷിപ്പുകളിൽ ചിലതുകൂടി നോവലിലെ മറ്റു ചില സ്ത്രീകഥാപാത്രങ്ങൾ അവശേഷിപ്പിക്കുന്നു. മരക്കാപ്പിന്റെ നെറിയും മൊറയും കാത്തുസൂക്ഷിച്ചിരുന്ന സ്ത്രീത്വപരിവേഷമായിരുന്നു ഉമ്പിച്ചിക്ക്. നേർവിപരീതസ്വഭാവം വച്ചുപുലർത്തുന്നവളായിരുന്നു മഹിമ എന്ന പെൺകുട്ടി. ജീവിതം ആസ്വദിക്കാൻ വേണ്ടിയുള്ളതാണെന്ന കാഴ്ചപ്പാടാണ് അവളെ നയിക്കുന്നത്. അധിനിവേശ ശക്തികൾക്ക് കിടപ്പാടം തീറെഴുതിക്കൊടുത്ത് മലമ്പ്രദേശത്തേയ്ക്ക് കുടിയേറുന്ന മരക്കാപ്പ് നിവാസികളെപ്പോലെ സ്ത്രീത്വത്തിന്റെ പരിശുദ്ധിക്ക് വിലകല്പിക്കാതെ ജീവിതാസ്വാദനത്തിന്റെ പുതിയ മേഖലകളിലേയ്ക്ക് കുടിയേറുകയാണവൾ. നൂറ്റാണ്ടുകൾക്കു മുമ്പുള്ള സംഭവങ്ങളും ദേശചരിത്രങ്ങളും ഇഴചേർത്ത് പാകി മനോഹരമാക്കിയ നോവലിൽ ജന്മികുടിയാന്മാരടങ്ങുന്ന ഫ്യൂഡൽ വ്യവസ്ഥിതിയുടെ കൊള്ളരുതായ്മകളും വിഷയലമ്പടത്വവും കടന്നുവരുന്നുണ്ട്. തനിക്ക് വഴങ്ങാത്ത ചീമ എന്ന തേൻവില്പനക്കാരി പെൺകുട്ടിയെ പട്ടിണിക്കിട്ട് കൊന്ന മന്നൻ എന്ന ജന്മിയും, കാളകാട്ടില്ലത്തെ വേലക്കാരി നീലിച്ചെറുമിയെ പിഴപ്പിച്ച് ചാത്തന്റെ ജനനത്തിന് കാരണക്കാരനായ വാഴുന്നവരും സ്ത്രീയെ ഉപഭോഗിച്ചുതീർക്കുന്ന അധീശത്വസംസ്കാരത്തിന്റെ കാവലാളന്മാരാണ്. 'മദാമ്മപ്പെണ്ണ് നല്ല

ISSN-2455-0736 (Print)
ISSN-2456-4052 (Online)

ചരക്കാണെന്നു കേട്ടല്ലോ' എന്നു ചോദിക്കുന്ന പുതിയ കാലത്തിന്റെ വക്താവായ ലോഹിതാക്ഷനിൽ അങ്കുരിക്കുന്നതും ഭൂതത്തിനോ, ഭാവിക്കോ, വർത്തമാനത്തിനോ അതിരിട്ട് തിരിക്കാനാവാത്ത ഇതേ അന്തഃചോദന തന്നെയാണ്.

നോവലിന്റെ അവസാനഭാഗത്ത് കനകരാജന്റെ ആയൂർവേദ ബീച്ച് റിസോർട്ട് അടക്കമുള്ള സ്ഥാപനങ്ങൾക്ക് വിപണി തേടി പുതിയ കാലത്തിന്റെ തെയ്യമായി ഉമ്പിച്ചി അവതരിപ്പിക്കുന്നു. ഉമ്പിച്ചിയുടെ ഉടൽസമൃദ്ധിയും കൊല്ലുന്ന ചിരിയും വീണ്ടും വീണ്ടും വാണിജ്യവത്ക്കരിക്കപ്പെടുന്നു. മരക്കാപ്പിന്റെ തനിമയും സംസ്ക്കാരവുമെല്ലാം കച്ചവടവത്ക്കരിക്കപ്പെടുന്ന കാഴ്ച പരിപൂർണ്ണ നിസ്സംഗതയോടെ നോവലിസ്റ്റ് ഈ ഭാഗങ്ങളിൽ അവതരിപ്പിക്കുന്നു. മരക്കാപ്പിലെ പരിസ്ഥിതിക്കനുഭവപ്പെട്ട സമാനദുരന്തമാണ് ഉമ്പിച്ചിക്കും സംഭവിച്ചത്. മരക്കാപ്പിലെ മണ്ണും പെണ്ണും ഒരുപോലെ ചൂഷണത്തിനു വിധേയമായി. രണ്ടിനെയും നൈസർഗ്ഗിക പരിതസ്ഥിതികളിൽ നിന്നടർത്തിമാറ്റി കേവലം ഉൽപ്പന്നമാക്കി മാറ്റിയത് ആഗോളവത്ക്കരണത്തിന്റെയും അധിനിവേശത്തിന്റെയും തന്ത്രങ്ങളിലൊന്നായ ടൂറിസമാണ്. മരക്കാപ്പ് എന്ന അപൂർവ്വ സ്ഥലരാശിയെ അതിന്റെ എല്ലാ സവിശേഷതകളോടും കൂടി അറിഞ്ഞതും അനുഭവിച്ചതും ഉമ്പിച്ചിയാണ്. അവസാനംവരെ തന്നെയും തന്നെ ചൂഴ്ന്നുനിൽക്കുന്ന പൂർവ്വികരടങ്ങുന്ന മണ്ണിനെയും കാത്തുസൂക്ഷിക്കാൻ ഒരുമ്പിട്ടിറങ്ങിയത് മരക്കാപ്പിന്റെ ഈ പുത്രിയാണ്. നശിപ്പിക്കപ്പെടുന്ന പരിസ്ഥിതിയും ചൂഷണവിധേയയായ സ്ത്രീയും അനുഭവിക്കുന്ന വേദനയും ഒറ്റപ്പെടലും വികസനത്തിന്റെ പേരിൽ അടിച്ചേല്പിക്കപ്പെടുന്ന നാശോന്മുഖമായ പുതുമയും ഒന്നുതന്നെയാണ്. ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് മരക്കാപ്പിലെ തെയ്യങ്ങൾ എന്ന നോവലിനെ സമീപിക്കുമ്പോൾ ഇക്കോ ഫെമിനിസ്റ്റ് വീക്ഷണവും ഈ രചനയിൽ ഉൾച്ചേർന്നിരിക്കുന്നതായി കാണാം. സ്ത്രീയും പ്രകൃതിയും ജൈവപരമായി പ്രത്യേകതകൾ കൊണ്ടും വ്യാപാരങ്ങളിലെ തുല്യതകൊണ്ടും ഒന്നുതന്നെയാണെന്ന കാഴ്ചപ്പാടാണ് പരിസ്ഥിതി സ്ത്രീവാദത്തിനടിസ്ഥാനം. പുരുഷമേൽക്കോയ്മ വ്യവസ്ഥിതി കെട്ടിപ്പൊക്കിയ അതിർവരമ്പുകൾക്കുള്ളിൽ നിന്നുകൊണ്ട് ന്യൂനപക്ഷത്തിന്റെ സ്വാർത്ഥലാഭങ്ങൾക്കായി അന്യായമായി കൊള്ളചെയ്യപ്പെടുന്ന ഈ രണ്ടു ഘടകങ്ങളും ഒന്നുപോലെ സംരക്ഷിക്കപ്പെടേണ്ടതാണ്. കാരണം സസ്യലതാദികളുടെയും വൈവിദ്ധ്യമാർന്ന ജീവിവർഗ്ഗങ്ങളുടെയും മനുഷ്യന്റെയും ഭാവി പ്രകൃതിയിലും സ്ത്രീയിലും നിക്ഷിപ്തമാണ്. പലതരം വികാരങ്ങൾ നായികയുടെ ഹൃദയത്തെ മഥിക്കുമ്പോൾ അതിനനുസൃതമായി ക്ഷോഭിക്കുകയും ശാന്തമാവുകയും ചെയ്യുന്ന കടൽ ഒരു സൂചകമാണ്. എസ്കവേറ്റർ എന്ന കൂറ്റൻ യന്ത്രം കയറിയിറങ്ങിയ മരക്കാപ്പും കാമാതുരരായ അനേകം പുരുഷന്മാരുടെ ഭോഗതൃഷ്ണയ്ക്കടിമപ്പെട്ട ഉമ്പിച്ചിയുടെ ശരീരവും ഒന്നു തന്നെയാണ്. അധിനിവേശതന്ത്രത്തിന്റെ ഗൂഢവശങ്ങളിലൊന്നായി പെണ്ണുടലിനെ ആഘോഷിക്കുന്ന പരസ്യം എന്ന കച്ചവടതന്ത്രത്തെയും നോവൽ പരിഹസിക്കുന്നുണ്ട്.

സ്വാഭാവികതയുടെ സവിശേഷതകളെ നിർമ്മാർജ്ജനം ചെയ്യുന്ന അധികാരിവർഗ്ഗത്തിന്റെ കുടിലതന്ത്രങ്ങളോടും പ്രതിലോമശക്തികളോടുമുള്ള പ്രതിഷേധമാണ് മരക്കാപ്പിലെ തെയ്യങ്ങൾ. ടൂറിസത്തിന്റെ മറവിൽ ദുരമൂത്ത് പ്രകൃതിയെ നശിപ്പിക്കുന്ന, പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ പാടേ നശിപ്പിക്കുന്ന അധികാര ഉദ്യോഗസ്ഥ ശ്രേണിയോടും, താല്ക്കാലിക ലാഭം മാത്രം പ്രദാനം ചെയ്യുന്ന പുത്തൻ വികസനനയങ്ങളോടുമുള്ള കലഹമാണ് ഈ നോവൽ. അധിനിവേശതന്ത്രത്തിന്റെ നിഗൂഢനീക്കങ്ങളിൽ ഛിന്നഭിന്നമാകുന്നത് മണ്ണും പെണ്ണുമാണെന്ന യാഥാർത്ഥ്യം അരക്കിട്ടുറപ്പിക്കാൻ മരക്കാപ്പിലെ തെയ്യങ്ങൾ എന്ന നോവലിലൂടെ അംബികാസുതൻ മാങ്ങാട് ശ്രമിച്ചിരിക്കുന്നു. കേവലം ഉപരിപ്ലവമായ പുകഴ്ത്തലുകൾക്കുമപ്പുറം ആർത്തിപിടിച്ച ആണധികാരരൂപങ്ങളുടെ പ്രലോഭനങ്ങൾക്ക് നിർബന്ധപൂർവ്വം വഴങ്ങേണ്ടിവരുന്ന സ്ത്രീയുടേയും പ്രകൃതിയുടേയും ദുരവസ്ഥ ഒന്നാണെന്ന ബോധ്യം ഇതിലൂടെ അനുവാചകർക്ക് ലഭിക്കുന്നു.

### സഹായക ഗ്രന്ഥങ്ങൾ

1. അംബികാസുതൻ മാങ്ങാട്, മരക്കാപ്പിലെ തെയ്യങ്ങൾ, കറന്റ് ബുക്സ്, 2013
2. എരുമേലി പരമേശ്വരൻപിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, 2013
3. ഡോ. കെ.കെ. ശിവദാസ് (എഡിറ്റർ), മലയാള നോവൽ രണ്ടായിരത്തിനുശേഷം, പാപ്പിറസ് ബുക്സ്, 2014
4. ഡോ. കെ.കെ. ശിവദാസ്, ഡോ. വി.സി. സുപ്രിയ, ഡോ. സന്തോഷ് മാനിച്ചേരി, ഫെമിനിസം, ദളിത് സാഹിത്യം, പരസ്യകല, മാളുബൻ പബ്ലിക്കേഷൻസ്, 2013

**ആനുകാലികങ്ങൾ**

1. മരിച്ചവരുടെ ഓർമ്മകൾ, എം.ആർ. മഹേഷ്, മലയാളം റിസർച്ച് ജേണൽ സെപ്തംബർ - ഡിസംബർ 2013
2. സ്ത്രീസമത്വചിന്തയിലെ പ്രകൃതിപാഠങ്ങൾ, മ്യൂസ് മേരി ജോർജ്ജ്, വിജ്ഞാനകൈരളി, ആഗസ്റ്റ് 2010